# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുണ്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നമ്പർ: KSA PKD 17/1964/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/03/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുണ്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നമ്പർ: KSA PKD 17/1964/2022 തീയ്യതി: 14/03/2023

## പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 09-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-08-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇ. ശശിഭൂഷൺ. | ഡെപ്യൂട്ടി ഡയറക്ടർ. | 10-08-2022 | 22-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-08-2022 | 22-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. യു. ബിജു ആന്റണി, ഓഡിറ്റ് ഓഫീസർ,
ശ്രീ. എം. ശിവപ്രസാദ്, അസി. ഓഡിറ്റ് ഓഫീസർ,
ശ്രീ. സി.എൽ. പദ്മകുമാർ, സീനി. ഗ്രേഡ് ഓഡിറ്റർ,
ശ്രീ. കെ.എ. മോഹനൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. സജിത.എം. വി. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. രാജേഷ് കുമാർ. ആർ | സെക്രട്ടറി | 01-04-2021 | 05-07-2021 |
| ശ്രീ. ഗോപകുമാർ.എ. | സെക്രട്ടറി | 06-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| മുഹസിൻ മുനവർ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ചന്ദ്രൻ.വി. | അസി. സെക്രട്ടറി | 01-04-2021 | 27-04-2021 |
| ജീ മോൾ .ജി. | അസി. സെക്രട്ടറി | 28-04-2021 | 08-11-2021 |
| പ്രിയ.പി. | അസി. സെക്രട്ടറി | 09-11-2021 | 19-12-2021 |
| ബിന്ദു.കെ.എം. | അസി. സെക്രട്ടറി | 20-12-2021 | 31-03-2022 |
| സുജ.കെ.കെ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 27-01-2022 |
| നസീമ.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 28-01-2022 | 31-03-2022 |
| ഡോ. സൂരജ്. കെ. രാജ് | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) (അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ. ഗീത. ആർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| നിയാസ് ബാബു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| രാജി മാത്യൂ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ദിവ്യ. പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| മുഫീദ .ടി. പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| രാജേഷ്. എസ്. | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |
| ഡോ. ആരോൺ ജേക്കബ് | വെറ്ററിനറി സർജൻ | 01-04-2021 | 02-03-2022 |
| ഡോ. സുധി. ആർ | വെറ്ററിനറി സർജൻ | 03-03-2022 | 31-03-2022 |
| പദ്മജ .ആർ | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിൽ കാണപ്പെടുന്ന അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി - | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല. | 1-11 |
| 13 | FTEAOS ലൈസൻസ് അപാകതകൾ | 1-12 |
| 14 | ഹെഡ് മാസ്റ്റർ പദ്ധതി നിർവ്വഹണം നടത്തിയിട്ടില്ല | 1-13 |
| 15 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-14 |
| 16 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് മുഴുവനായും ലഭ്യമായിട്ടില്ല | 1-15 |
| 17 | പാലിന് സബ്സിഡി പ്രൊജക്റ്റ് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു | 1-16 |
| 18 | തുല്യതാ പരീക്ഷ - പഠിതാക്കളുടെ കോഴ്സ് ഫീസ് അടവാക്കൽ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-17 |
| 19 | ചുങ്കം കുടിവെള്ള പദ്ധതി-ഗുണഭോക്തൃസമിതിക്ക് കൈമാറാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-18 |
| 20 | തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തേണ്ടതാണ്. | 1-19 |
| 21 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-20 |
| 22 | സാക്ഷരതാ പ്രേരകമാർക്ക് അനുവദിച്ച ഓണറേറിയം ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-21 |
| 23 | ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-22 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതാണ്. | 1-23 |
| 25 | ആർട്ട്കോ യിൽ നിന്നുള്ള വാങ്ങലിന്മേൽ ജി എസ് ടി കിഴിവ് നടത്തിയില്ല | 1-24 |

| | | |
|---|---|---|
| 26 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് നടത്തിയില്ല | 1-25 |
| 27 | വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി - വാങ്ങൽ നടപടി ക്രമപ്രകാരമല്ല | 1-26 |
| 28 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-27 |
| 29 | ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-28 |
| 30 | ഹരിതകർമ്മസേനയുടെ പ്രവർത്തനം-അവലോകനം | 1-29 |
| 31 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 1-30 |
| 32 | ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല .ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ടി തുക അടവാക്കിയിട്ടുണ്ട്. | 1-31 |
| 33 | ബഹുവർഷ പ്രോജക്ടിന്റെ നടത്തിപ്പിൽ സംഭവിച്ച അപാകതകൾ മൂലം സാമ്പത്തിക നഷ്ടം സംഭവിച്ചിരിക്കുന്നു. | 1-32 |
| 34 | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല. | 1-33 |
| 35 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1. |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

17-2-2021 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 26-3-2022 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

ബഡ്ജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 25785809 |
| വരവ് | 511301003 |
| ആകെ | 537086812 |
| ചെലവ് | 507597503 |
| നീക്കിബാക്കി | 29489309 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2022 | 16-5-2022 | - | - |

### 1-2-1 വാർഷിക കണക്കിൽ കാണപ്പെടുന്ന അപാകതകൾ

1. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

2. ഫ്യുവൽ രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ എഴുതാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ R&P Statement, Schedule RP-14 പ്രകാരമുള്ള ഇന്ധനചെലവ് (247083 രൂപ), മെയിന്റനൻസ് ചെലവ് (13000 രൂപ) എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

3. 2021-22 ൽ വിവിധ ബാങ്കുകളുടേയും ട്രഷറി അക്കൗണ്ടിന്റേയും റിക്കൺസലിയേഷൻ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,84,02,972 |
| വരവ് | 9,38,21,114 |
| ആകെ | 11,22,24,086 |
| ചെലവ് | 8,33,86,526 |
| നീക്കിയിരിപ്പ് | 2,88,37,560 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | അലോട്ട്മെന്റ് /വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | | 13270456 | 13270456 | 12589800 | 680656 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 12756842 | 12756842 | 11919240 | 837602 |
| മെയിന്റനൻസ്, റോഡ് | | | 15015000 | 15015000 | 8015835 | 6999165 |
| മെയിന്റനൻസ്, നോൺ-റോഡ് | | | 7338314 | 7338314 | 2550688 | 4787626 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | 3209052 | 3209052 | 2596984 | 612068 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ട്രഷറി മുഖേനയുള്ള അലോട്ട് മെന്റ് | 0 | 5191856 | 5191856 | 551387 | 4640469 |

| | | | | | | |
|---|---|---|---|---|---|---|
| (പെർഫോമൻസ് ഗ്രാന്റ് ) (ടൈഡ് ഗ്രാന്റ് ) | പഞ്ചായത്ത് ഫണ്ടിലേക്കുള്ള അലോട്ട്മെന്റ് | 0 | 4767000 | 4767000 | 1019582 | 3747418 |
| ശുചിത്വ മിഷൻ ഗ്രാന്റ് | | 1616849 | 432000 | 2048849 | 1541088 | 507761 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | 34000 | 1280000 | 1314000 | 1240000 | 74000 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ICDS | 893996 | 1003283 | 1897279 | 1479495 | 417784 |
| | NREGS (ഭരണ ചെലവുകൾ) | 871295 | 317930 | 1189225 | 1189220 | 5 |
| | TSC | 238178 | 0 | 238178 | 0 | 238178 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 90279473 | 150 | 59893511 | | 62 | 70.7 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 5916490 | 5234482 | 88 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 9 | 6565948 | 5618244 | 85.5 |
| സെക്രട്ടറി | 42 | 33 | 15404883 | 10959921 | 71 |
| ഹെഡ്മാസ്റ്റർ | 3 | 0 | 0 | 0 | 0 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 100 | 60 | 34071667 | 16993770 | 49.8 |
| അസി. സെക്രട്ടറി | 5 | 3 | 3020800 | 2266735 | 75 |
| മെഡിക്കൽ ഓഫീസർ-PHC | 9 | 8 | 2964045 | 1861271 | 62.7 |
| വി.ഇ.ഓ | 17 | 13 | 15191140 | 12291848 | 80.9 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| മെഡിക്കൽ ഓഫീസർ-ആയൂർവേദം | 3 | 3 | 1050000 | 1034830 | 98.5 |
| വെറ്ററിനറി സർജ്ജൻ | 9 | 8 | 4467500 | 2421370 | 54 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 880000 | 880000 | 100 |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 369000 | 478762631040 | 8.4 |
| ആകെ | 212 | 150 | 90279473 | 59893511 | 66 |

## 1-6 തൊഴിലുറപ്പ് പദ്ധതി -

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 871295 | 317930 | 1189225 | 1189220 | 5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 49754852 | 49754852 | 49754852 | |
| ആകെ | 871295 | 50072782 | 50944077 | 50944072 | 5 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10930700 | 685 |
| വിധവാപെൻഷൻ | 22830300 | 1474 |
| വാർദ്ധക്യകാലപെൻഷൻ | 36244200 | 2580 |
| വികലാംഗപെൻഷൻ | 6152900 | 396 |
| 50വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1177400 | 79 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 300000 | 10 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-08-2022 തിയ്യതിയിൽ ഉച്ചക്ക് ശേഷം 3.10 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52,962/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21 വരെ ലഭ്യമായിട്ടുണ്ട്. പിന്നീട് സർട്ടിഫിക്കേഷൻ പുതുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്.

ഫിഷറീസ് സബ് ഇൻസ്പക്ടർ ക്യാഷ് ബുക്ക് (TR 7A) എഴുതിയിട്ടില്ല

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് മിനുട്ട്സ് തയ്യാറാക്കുന്നത്.

തൻവർഷം മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. നികുതികൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

പി.എച്ച്.സി (അലോപ്പതി) മേഖലയിൽ നടപ്പാക്കിയിട്ടുള്ള പ്രോജക്ടുകളുടെ ഫയലുകൾ ക്രമമായി സൂക്ഷിച്ചിട്ടില്ല. ആരോഗ്യമേഖലയിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവമായ ഇടപെടൽ ഉണ്ടാവേണ്ട സാഹചര്യം നിലനിൽക്കുന്നു.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും

കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ അവശ്യം വേണ്ടുന്ന രേഖകൾ (അബസ്ട്രാക്ട് എസ്റ്റിമേറ്റ്, സെക്ഷൻ നോട്ടീസ്, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ മുതലായവ) പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഏറ്റവും ഒടുവിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 2005-06 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. 15.07.2006 ൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പെർഫോമൻസ് ഓഡിറ്റ് 1-6-2022 മുതൽ 30-6-2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

1-11 സർക്കാർ വിജ്ഞാപനങ്ങൾക്ക് അനുസൃതമായി എല്ലാ ഉപയോഗക്രമങ്ങൾക്കും വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു. 14.01.2011 ലെ സ.ഉ(അ)നം.19/2011/തസ്വഭവ നമ്പറായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനം പ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തീയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015-ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പറായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനം പ്രകാരവും 08.09.2020-ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പറായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനം പ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു. എന്നാൽ മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ മേൽ വിജ്ഞാപനങ്ങൾ
പ്രകാരമുള്ള ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. നികുതി നിരക്ക് നിർണ്ണയിക്കാത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 2 | ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 3 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച പരിധികൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു. മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ മേൽ ഉപയോഗക്രമങ്ങളുടെ നികുതി നിരക്ക് നിർണ്ണയിക്കാത്തത് ഗൗരവമായി കാണേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/12-08-2022 ന് ലഭ്യമാക്കിയ മറുപടിയിൽ 08-09-2020 ലെ ഭേദഗതി ഉത്തരവ് പ്രകാരം നികുതി നിർണ്ണയത്തിൽ ഭേദഗതി വരുത്തിയിട്ടില്ലെന്നും, ആയതു സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുക്കുന്നതിനായി അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ തന്നെ അജണ്ട ഉൾപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-12 FTEAOS ലൈസൻസ് അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2021-22 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

(എ) 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പട്ടിക ഒന്നിലെ ക്രമ നം. 149, പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് ആവശ്യമാണ്. (സിവിൽ സപ്ളൈസ് കമ്മീഷണറുടെ ഉത്തരവ് നമ്പർ (സി.എസ്) എ-9-764/2019 തിയതി 22-01-2019 പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്). എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ എണ്ണം, അവക്ക് ലൈസൻസ് എടുപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കേണ്ടതാണ്.

(ബി) 31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2021-22 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും മൂലധനനിക്ഷേപം ഉൾപ്പെടെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(സി) വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ 318 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നതായും, എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 295 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായും കാണുന്നു. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ലൈസൻസുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/16-08-2022 ന് ലഭ്യമാക്കിയ മറുപടിയിൽ (എ) പഞ്ചായത്ത് പരിധിയിൽ 7 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും, ആയവക്ക് 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുണ്ടെന്നും, (ബി) വരും വർഷങ്ങളിൽ അപാകതകൾ വരാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്നും, (സി) 2021-22 സാമ്പത്തിക വർഷം 7 അപേക്ഷകൾ റദ്ദ് ചെയ്യുന്നതിനായി ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. റോഡ് നവീകരണം നടക്കുന്നതിനാൽ കുറെ കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയതിനാലാണ് ട്രേഡേഴ്സ് ലിസ്റ്റിൽ കുറവു വന്നിരിക്കുന്നത്. പുതിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-13 ഹെഡ് മാസ്റ്റർ പദ്ധതി നിർവ്വഹണം നടത്തിയിട്ടില്ല

ഗവ: എൽ.പി.സ്കൂളുകൾക്ക് അനുവദിച്ച വിവിധ പ്രൊജക്റ്റുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 120/21-22(SO) | എൽ.പി. യു.പി കുട്ടികൾക്ക് എൽ.എസ്.എസ്, എസ്. എസ്. മോഡൽ പരീക്ഷകൾ | 8000 (പൊതു വിഭാഗം ) | ഇല്ല |
| 121/21-22 (SO) | ഭിന്നശേഷി കലാകായികമേളകൾ | 50000 (തനത് ഫണ്ട് ) | ഇല്ല |
| 122/21-22 (SO) | മൂന്ന് സർക്കാർ വിദ്യാലയങ്ങൾക്ക് അടുക്കള പാത്രങ്ങൾ വാങ്ങൽ | 20000 (റോഡിതരം ) | ഇല്ല |

| | | | |
|---|---|---|---|
| ആകെ | | 78000 | |

സ്പിൽ ഓവർ പദ്ധതികളുടെ അടങ്കൽ തുക ചെലവഴിക്കാത്തതിന്റെ കാരണം അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 3/10-08-2022 ന് പ്രധാനാധ്യാപിക ശ്രീമതി ടി.ആർ. പത്മജ ലഭ്യമാക്കിയ മറുപടിയിൽ മുണ്ടൂർ ഗ്രാമപഞ്ചായത്ത് ഇംപ്ലിമെന്റിംഗ് ചാർജ് 31-05-2021 ന് ശ്രീമതി കല്യാണിക്കുട്ടി ടീച്ചറുടെ (HM, GWLPS എഴക്കാട്) ഒഴിവിൽ ടീച്ചർക്ക് ലഭിച്ചുവെങ്കിലും സ്പിൽ ഓവറായി വന്ന ഈ പ്രൊജക്ടുകൾ DDO കോഡ് ശരിയായി വരാത്തതിനാൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ജില്ലാ ട്രഷറിയിൽ നിന്നും DDO കോഡ് ശരിയായി ലഭിച്ചത് ജൂലൈ 2022 ലാണെന്നും സ്പിൽ ഓവർ പദ്ധതികളുടെ അടങ്കൽ തുക ഇതിനാൽ ചെലവഴിക്കാൻ സാധിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതികൾക്ക് തുക വകയിരുത്തുകയും, തുക ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നത് പദ്ധതി ആസൂത്രണത്തിലുള്ള വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട ഉചിത നടപടികൾ സ്വീകരിക്കുന്നതിനും, മോണിട്ടറിങ് കാര്യക്ഷമമാക്കുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

### 1-14 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

സഞ്ചയയിലെ നിലവിലെ ഡാറ്റാ എൻട്രി പ്രകാരം പഞ്ചായത്ത് പരിധിയിൽ 7 മൊബൈൽ ടെലഫോൺ ടവറുകളാണുള്ളത്. മൊബൈൽ ടവറുകളിൽ നികുതി കുടിശ്ശിക വരുത്തിയ ടവറിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടം നം | ഉടമയുടെ പേര് (സഞ്ചയയിൽ ലഭ്യമായ വിവരം ) | കുടിശ്ശികയായ വർഷം | 2022-23 വരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 2/263 | Divisional Manager, Velikkad GSM Tower (BSNL) | 2013-2014 മുതൽ (അർദ്ധവർഷം 7458/- രൂപ) | 149160 |

കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 18/17-08-2022 ന് ലഭ്യമാക്കിയ മറുപടിയിൽ നികുതി കുടിശ്ശിക ഈടാക്കുന്നതിനായി 08-09-2021 ന് അരിയർ ഡിമാന്റ് നോട്ടീസ് അയച്ചതിനെ തുടർന്ന് 23-11-2021 ന് 22,320/- രൂപ നികുതി കുടിശ്ശികയിനത്തിൽ അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. 14,900/- രൂപ 22-04-2022 ന് ലോക്കൽ സാഖ്യയിൽ റസീപ്റ്റ് ആക്കിയിരുന്നുവെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ റസീപ്റ്റ് പോസ്റ്റ് ചെയ്യുന്നതിനുള്ള ഓപ്ഷൻ ഇല്ലാത്തതിനാൽ കളക്ഷൻ അപ്ഡേറ്റ് ചെയ്യുവാൻ സാധിച്ചിരുന്നില്ലെന്നും മറുപടിയിൽ പറയുന്നു. നിലവിൽ 17-08-2022 മുതൽ പി.ഡി.ഇ. റസീപ്റ്റ് ഓപ്ഷൻ അനുവദിച്ചു തന്നിട്ടുള്ളതിനാൽ ടി തുക പോസ്റ്റ് ചെയ്തിട്ടുണ്ട്. 2017-2018 മുതലുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടിയിൽ പറയുന്നു.

മുഴുവൻ നികുതി കുടിശ്ശികയും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-15 ഹോമിയാ ആശുപത്രിയിലേക്ക് മരുന്ന് മുഴുവനായും ലഭ്യമായിട്ടില്ല

ഹോമിയാ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നം. | 09/21 |
| അടങ്കൽ | 3,00,000/-<br>(റോഡിതര മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 3,00,000/- |
| ബിൽ നം./തീയതി | 1/ 31.12.21, തുക-300000 |

മരുന്നുകൾ ലഭ്യമാക്കുവാനായി 300000/- രൂപ ആലപ്പുഴയിലെ ഹോംകോ ഫാർമസിയുടെ അക്കൗണ്ട്

നം.34306403911ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.പ്രസ്തുത തുക ലഭ്യമാക്കിയതിനുള്ള ഹോംകോ ആലപ്പുഴയുടെ 23.02.2022 ലെ 5505 നം. രശീത് ലഭ്യമായിട്ടുണ്ട്. താഴെപ്പറയുന്ന ഇൻവോയിസ് പ്രകാരം 128936 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് നം | തുക |
|---|---|
| LF-2891/31.03.2022 | 128936 |
| ആകെ | 128936 |

ഹോമിയോ മെഡിക്കൽ ഓഫീസർ മരുന്നുകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 10.01.22 തീയതിയിൽ ഹോംകോ മാനേജിംഗ് ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസത്തിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/10.8.2022) ഹോമിയോ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ എഗ്രിമെന്റിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2020-21 വർഷത്തെ മരുന്നുകൾ മുഴുവനായും 10/12/2021 ലഭ്യമായത് കൊണ്ട് ഡിസ്പെൻസറിയിൽ മരുന്നുകൾക്ക് ക്ഷാമം നേരിട്ടിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിച്ച പ്രകാരം തുടർ നടപടികൾ ത്വരിതപ്പെടുത്തി ഹോംകോയിൽ നിന്നും 171064/- രൂപയുടെ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത മരുന്നുകളുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2) ഭാവിയിൽ മരുന്നുകൾ ലഭ്യമാക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുമ്പോൾ തന്നെ മരുന്നുകൾ വിതരണം ചെയ്യുന്ന സ്ഥാപനവുമായി 1996ലെ കേരള പഞ്ചായത്ത് രാജ് കരാർ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് കരാറിലേർപ്പെടുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 പാലിന് സബ്സിഡി പ്രൊജക്റ്റ് - ഭാഗികമായ കാലയളവിൽ മാത്രം ആനുകൂല്യം അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകരുടെ ഉന്നമനം ലക്ഷ്യമാക്കിയും പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന നേട്ടം കൈവരിക്കുന്നതിനുമായി 2021-22 വർഷത്തിൽ പാലിന് സബ്സിഡി നൽകുന്നതിനായി ക്ഷീര വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. 2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ത്രിതലപഞ്ചായത്ത് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഒരു ലിറ്റർ പാലിന് പരമാവധി 3 രൂപ നിരക്കിൽ പാലിന് സബ്സിഡി നല്കിയിട്ടുണ്ട്. പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം മുഴുവനുമായി ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി.

പ്രോജക്റ്റിന്റെ ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റിന്റെ നം./പേര് | അടങ്കൽ | ബിൽ/ചെക്ക് നം. | തുക | സബ്സിഡി യായി തുക നല്കിയ മാസങ്ങൾ |
|---|---|---|---|---|
| 78/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ – എസ്.സി | വികസന ഫണ്ട്-എസ്.സി.പി 80000 | 03/22തീ.25.01.22<br>06/22 തീ.25.01.22 | 77337<br>2663 | 2021 ഏപ്രിൽ മുതൽ2021 ഒക്ടോബർ വരെ |
| ആകെ | 80000 | | 80000 | |
| 77/22 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ – ജനറൽ | വികസന ഫണ്ട്-പൊതുവിഭാഗം 650000<br>ബ്ലോക്ക് പഞ്ചായത്ത്-50000<br>ജില്ലാ പഞ്ചായത്ത്- | 01/22തീ.25.01.22<br>02/22തീ.25.01.22<br>04/22തീ.25.01.22<br>05/22തീ.25.01.22<br>06/22തീ.25.01.22 | 650000<br>99868<br>49934<br>132<br>66 | 2021 ഏപ്രിൽ മുതൽ2021 ജൂലൈ വരെ |

| | | | | |
|---|---|---|---|---|
| | 100000 | | | |
| ആകെ | 800000 | | 800000 | |

മുഴവൻ കാലയളവിലേക്കും ആവശ്യമായ തുക വകയിരുത്തി ആനുകൂല്യം നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് അന്വേഷണം നം.04/12.8.2022) വരും വർഷങ്ങളിൽ ത്രിതല പഞ്ചായത്തുകളിൽ നിന്നും കൂടുതൽ തുക വകയിരുത്തി കിട്ടുന്ന മുറയ്ക്ക് ലഭ്യമായ തുക പദ്ധതി മാർഗ്ഗ രേഖ പ്രകാരവും പാലളവ് അനുസരിച്ചും കർഷകർക്ക് നൽകുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും ശരാശരി അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യാതിരുന്നതിനാലാണ് ഭാഗികമായി മാത്രം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിലയിരുത്തുന്നു. പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി മോണിറ്ററിംഗ് കാര്യക്ഷമമാക്കി ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും കാര്യക്ഷമമാക്കേണ്ടതാണ്.

## 1-17 തുല്യതാ പരീക്ഷ - പഠിതാക്കളുടെ കോഴ്സ് ഫീസ് അടവാക്കൽ-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പത്താംതരം തുല്യത പരീക്ഷ എന്ന പ്രൊജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | വിശദാംശങ്ങൾ |
|---|---|---|---|
| 15 | 200000 (തനത് ഫണ്ട്) | 55500 | Director, Kerala State Literacy Mission<br>(10-ാം തരം തുല്യത) |

കേരള സംസ്ഥാന സാക്ഷരതാമിഷൻ നടത്തി വരുന്ന പത്താംതരം തുല്യത കോഴ്സുകളുടെ കോഴ്സ് ഫീ ഇനത്തിൽ 2021-22 വർഷത്തിൽ 30 പഠിതാക്കൾക്ക് 1850 രൂപ വീതം ആകെ 55500/- കേരള സ്റ്റേറ്റ് ലിറ്ററസി മിഷൻ ഡയറക്ടർക്ക് (അക്കൗണ്ട് നമ്പർ -57026996123) നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗസ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടുണ്ട്. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ വിവരങ്ങൾ, പഠിതാക്കളുടെ മാർക്ക് ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/16.8.22) പത്താംതരം തുല്യത പരീക്ഷ നടത്തുന്ന തീയ്യതി 12.09.22 മുതൽ 23.09.22 വരെയാണെന്നും പരീക്ഷ എഴുതിയതിന്റെ വിവരങ്ങൾ, പഠിതാക്കളുടെ മാർക്ക് ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭിക്കുന്ന മുറക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ചുങ്കം കുടിവെള്ള പദ്ധതി-ഗുണഭോക്തൃസമിതിക്ക് കൈമാറാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ, തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.6.3 അനുസരിച്ച് പൂർത്തീകരിച്ച കുടിവെള്ളപദ്ധതികളുടെ പരിപാലനവും അറ്റകുറ്റപണികളും ഗുണഭോക്തൃസമിതികൾക്ക് രേഖാമൂലം കൈമാറേണ്ടതും തുടർനടത്തിപ്പ് ചെലവ് കമ്മിറ്റികൾ വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 6 വാർഡുകൾ ഉൾപ്പെടുന്ന 89 പൊതുടാപ്പുകൾ ഉള്ള ചുങ്കം കുടിവെള്ള പദ്ധതി (ജനറൽ) ഗുണഭോക്തൃസമിതിക്ക് വിട്ടു നൽകിയിട്ടുണ്ടെങ്കിലും നിലവിൽ വൈദ്യുത ചാർജ്ജ്, പമ്പ് ഓപ്പറേറ്റർ ചെലവ്, അറ്റകുറ്റപ്പണികൾ എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് നൽകി വരുന്നത് . 2021-22 ലെ ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഇലക്ട്രിസിറ്റി ചാർജ്ജ് – 21262/-

റിപ്പയർ ചാർജ്ജ്- 100543/-

പമ്പ് ഓപ്പറേറ്റർ വേതനം – 73200/-

ആകെ - 195005/-

പ്രസ്തുത കുടിവെള്ള പദ്ധതി ഗുണഭോക്തൃസമിതിക്ക് വിട്ടു നൽകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/16.8.22) പഞ്ചായത്തിൽ KWA യുടെ ജലജീവൻ പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ചുങ്കം കുടിവെള്ള പദ്ധതി നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-19 തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 7,72,033/- രൂപ അടവാക്കിയിട്ടുണ്ട്. തെരുവു വിളക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മുഴുവൻ വാർഡുകളിലെയും തെരുവു വിളക്കുകളുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്ക് സാധനസാമഗ്രികൾ വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം (പ്രോജക്റ്റ് നമ്പർ 16) 15w LED ബൾബുകൾ 630 എണ്ണം വാങ്ങിയിട്ടുണ്ടെങ്കിലും അവ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി യുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. പഞ്ചായത്തും കെ.എസ്.ഇ.ബിയും നിലവിലുള്ള തെരുവു വിളക്കുകളുടെ എണ്ണം, ഇനം എന്നിവയുടെ കൃത്യത സംയുക്ത പരിശോധന നടത്തി ഉറപ്പു വരുത്തിയതായും കാണുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി വൈദ്യുതി ചാർജ്ജ് ഡിമാന്റിന്റെ ആധികാരികത ഉറപ്പുവരുത്തി വൈദ്യുതി ചാർജ് അടവാക്കുന്നതിന്റെ കൃത്യത ഉറപ്പാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തെരുവു വിളക്കുകളുടെ എണ്ണം, തെരുവു വിളക്കുകളുടെ ഇനം, എവിടെയൊക്കെയാണ് അവ സ്ഥാപിച്ചിരിക്കുന്നത്, ഇലക്ട്രിക് പോസ്റ്റ് നമ്പർ തുടങ്ങിയവ ഉൾപ്പെടെ രേഖപ്പെടുത്തി സമഗ്രമായ രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

തെരുവ് വിളക്ക് സാമഗ്രികൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും , രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ Performance Guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേടു വന്ന സാധന സാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കുമ്പോൾ ആയത് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സ്റ്റോക്ക്-ഇൻ, സ്റ്റോക്ക് ഔട്ട് കണക്കുകൾ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് കെ. എസ്. ഇ. ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ തെരുവു വിളക്കുകൾക്ക് ബാധകമായ തുകയാണ് വൈദ്യുത ചാർജിനത്തിൽ അടവാക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-20 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| പ്രോജക്റ്റ് നമ്പർ | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 1/22 | SSA വിഹിതം നൽകൽ (ജനറൽ) | 5,00,000 (വികസനഫണ്ട്-പൊതുവിഭാഗം) | 5,00,000 | 6/6.8.21 |
| 2/22 | SSA വിഹിതം നൽകൽ (എസ്.സി) | 3,00,000 (വികസനഫണ്ട്-എസ്.സി.പി.) | 3,00,000 | 7/6.8.21 |

മേൽ പദ്ധതികൾ പ്രകാരം ജില്ലാ പ്രോജക്റ്റ് ഓഫീസർ, എസ് എസ് എ, പാലക്കാട്-യുടെ അക്കൗണ്ടിലേക്ക് (0812101063416) 800000/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കേന്ദ്ര മാനവ ശേഷി വികസന മന്ത്രാലയം, സ്കൂൾ ഏഡ്യൂക്കേഷൻ ആന്റ് ലിറ്ററസി വകുപ്പിന്റെ 22-2-18 ലെ ധാരണാപത്രം ഖണ്ഡിക 4.1 പ്രകാരം Integrated Scheme For School Education: Merging The Centrally Sponsored Schemes Of SSA-യുടെ ചെലവിന്റെ 60 ശതമാനം കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 29.01.2018-ലെ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5.2.1(2),7.6.3 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്റ്റുകൾക്ക് വകയിരുത്തണമെന്നും പ്രോജക്റ്റുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എസ്. എസ്. എ ജില്ലാ പ്രോജക്റ്റ് ഓഫീസർ നൽകിയ 2021-22 വർഷത്തെ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം 2021-22 വർഷം ഗ്രാമപഞ്ചായത്തിലെ എൽ. പി, യു. പി സ്കൂളുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ സൗജന്യ പുസ്തക വിതരണം, സൗജന്യ യൂണിഫോം, സ്പെഷ്യൽ നീഡ്സ് ഉള്ള കുട്ടികൾക്ക് (CWSN) പ്രൊവിഷൻ, ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP), അദ്ധ്യാപക പരിശീലനം, സ്വയരക്ഷാ പരിശീലനം, ഇൻക്ലൂസീവ് എജ്യൂക്കേഷൻ, പദ്ധതി മോണിട്ടറിംഗ് എന്നീ വിഭാഗങ്ങളിലായി തുക വകയിരുത്തിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിൻെറ അധീനതയിലുള്ള വിവിധ എൽ. പി, യു. പി സ്കൂളുകളിൽ മേൽ പരാമർശിച്ച മേഖലകളിൽ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും അടിസ്ഥാന സൗകര്യങ്ങൾ എത്രത്തോളം പുരോഗമിച്ചുവെന്നതിനെക്കുറിച്ചും തുടർ നിരീക്ഷണം ഉണ്ടായിട്ടുണ്ടെങ്കിൽ വിശദീകരിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/16.8.22) SSA നടത്തിയ പരിശീലന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് നൽകാമെന്ന് മറുപടി നൽകിയിട്ടുണ്ട്. എല്ലാ വർഷവും വിദ്യാഭ്യാസമേഖലയുടെ ഉന്നമനത്തിനായി തുക ചെലവഴിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസമേഖലക്ക് എത്രത്തോളം പ്രയോജനം സിദ്ധിച്ചുവെന്നത് വിലയിരുത്തുകയോ നിരീക്ഷണത്തിനു വിധേയമാക്കുകയോ ചെയ്തിട്ടില്ലായെന്നത് അധികൃതരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ഗ്രാമപഞ്ചായത്തിലെ എത്ര എൽ.പി, യു.പി സ്കൂളുകൾക്ക് മേൽപ്പറഞ്ഞ വിഭാഗങ്ങളിലെ സൗകര്യങ്ങൾ എത്രത്തോളം പ്രായോഗികമായി നടപ്പാക്കി എന്നത് സംബന്ധിച്ച് സ്കൂളുകൾ കേന്ദ്രീകരിച്ച് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഒരു അവലോകനം നടത്തേണ്ടതും അതിലൂടെ ഫണ്ട് വിനിയോഗം ശരിയായി നടപ്പാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

### 1-21 സാക്ഷരതാ പ്രേരകമാർക്ക് അനുവദിച്ച ഓണറേറിയം ക്രമീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

സാക്ഷരതാ പ്രേരകുമാർക്ക് ഓണറേറിയം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| സാക്ഷരതാ പ്രേരകിന്റെ പേര് | വൗച്ചർ നമ്പർ | മാസം | തുക |
|---|---|---|---|
| സുചിത്ര ടി.എം | 22100082/27.4..21 | 3/21 | 9600 |
| സുനിത മോൾ.കെ | 22100082/27.4..21 | 3/21 | 8064 |
| ഗീത O.V | 22100082/27.4..21 | 3/21 | 8064 |

സ.ഉ(സാധാ) നം. 626/2021 ത.സ്വ.ഭ.വ തീയ്യതി 26.02.21 പ്രകാരം തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം.12/16.8.22)

### 1-22 ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ജൈവവൈവിധ്യ പാർക്ക് ഒരുക്കൽ എന്ന പ്രൊജക്റ്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | വൗച്ചർ നമ്പർ |
|---|---|---|---|
| 240 | 3,63,000 | 2,17,800 | 22101166/28.3.22 |

സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2020-21 ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പ്രാദേശിക തലത്തിൽ ജൈവപരിപാലന സമിതികളുടെ സഹകരണത്തോടെ ജൈവവൈവിധ്യപാർക്ക് തയ്യാറാക്കൽ പദ്ധതി നടപ്പാക്കുന്നതിന് 2226/എ8/2020/കെ എസ് ബി ബി നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്തിന് 363000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഭരണസമിതിയുടെ 5.8.21 ലെ തീരുമാന നമ്പർ 13(10) പ്രകാരം പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിനുള്ളിലെ ഹോമിയോ ഡിസ്പൻസറിക്ക് മുൻവശത്തായുള്ള പത്ത് സെന്റ് സ്ഥലം ജൈവവൈവിധ്യ പാർക്ക് സ്ഥാപിക്കുന്നതിന് അനുവദിച്ച് നൽകി തീരുമാനിച്ചിരുന്നു. പദ്ധതി നിർവ്വഹണത്തിനായി പഴശ്ശി എക്കോ ടൂറിസം ആന്റ് റൂറൽ ഡവലപ്പ്മെന്റ് സൊസൈറ്റി (PETARDS), കണ്ണൂർ എന്ന ഏജൻസിയെ കേരളസംസ്ഥാന ജൈവവൈവിധ്യ ബോർഡ് നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണത്തിനു വേണ്ടി താഴെ പറയുന്ന വരെ കക്ഷികളാക്കി ത്രികക്ഷി ധാരണാപത്രം 28.11.2021 ന്

ഉണ്ടാക്കിയിട്ടുണ്ട്.

1) ഒന്നാം കക്ഷി-PETARDS, ഹോസ്പിറ്റൽ റോഡ്, മട്ടന്നൂർ, കണ്ണൂർ

2)രണ്ടാം കക്ഷി-സെക്രട്ടറി,ജൈവവൈവിധ്യ പരിപാലന സമിതി(ബി.എം.സി),മുണ്ടൂർ ഗ്രാമപഞ്ചായത്ത്.

3) മൂന്നാം കക്ഷി -മെമ്പർ സെക്രട്ടറി, സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം.

12.10.21 ന് ചേർന്ന ഭരണസമിതിയോഗം പ്രസ്തുത ധാരണാപത്രം ഒപ്പ് വെക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മേൽധാരണാപ്രകാരമുള്ള ആദ്യ ഗഡു 2,17,800 രൂപ വൗച്ചർ നമ്പർ 22101166/28.3.22 പ്രകാരം PETARDS ന്റെ അക്കൗണ്ട് നമ്പർ 16340200004127 ലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(19/17.8.22) പ്രാരംഭ പ്രവൃത്തികളായ പോണ്ട് നിർമ്മാണം, പാർക്കിനുള്ളിലെ ഇരിപ്പിടങ്ങൾ, അതിർത്തി തിരിച്ച് ഫെൻസിംഗ്, ശലഭപാർക്കിംഗിന് ആവശ്യമായ ചെടികൾ വച്ചു പിടിപ്പിക്കൽ എന്നീ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 ഡെപ്പോസിറ്റ് പ്രവൃത്തികൾ -ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന 2 നിക്ഷേപ പ്രവർത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ |
|---|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെറുകിട ജലസേചന വിഭാഗം (8443-00-108-00-00-00-NV PW ഡെപ്പോസിറ്റ്) | പുളിയംപുള്ളി തോടിനു കുറുകെയുള്ള തടയണ പൊളിച്ചുമാറ്റലും സംരക്ഷണഭിത്തി പുനർനിർമ്മിക്കലും (പ്രൊജക്ട് നമ്പർ-231) | 720000 (പദ്ധതി വിഹിതം-ജനറൽ) | 720000 | 13/8.10.21 |
| അസിസ്റ്റന്റ് എഞ്ചിനീയർ ജലസേചന വിഭാഗം മലമ്പുഴ കനാൽ സെക്ഷൻ(അക്കൗണ്ട് നമ്പർ-714011400000366) | വഴക്കപ്പാറ നരീക്കോട് സംരക്ഷണഭിത്തി നിർമ്മാണം(പ്രൊജക്ട് നമ്പർ- 269) | 460000 (തനത് ഫണ്ട്-200000, മെയിന്റനൻസ് ഫണ്ട് റോഡ്-260000) | 457862 | വൗച്ചർ നമ്പർ 22101042/ 25.2.22) തനത് ഫണ്ട്-200000<br>35/20.2.22 മെയിന്റനൻസ് ഫണ്ട് റോഡ്-260000 |

പ്രോജക്റ്റ് നമ്പർ 21 ൽ പദ്ധതിക്കായി 720000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും 517316 രൂപ ചെലവഴിച്ചതായിട്ടാണ് Utlisation Certificate ൽ ഉള്ളത് ചെലവഴിക്കാത്ത 202684 രൂപ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. പ്രോജക്റ്റ് നമ്പർ 269 ൽ പദ്ധതിക്കായി 460000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും 457862 രൂപ ചെലവഴിച്ചതായിട്ടാണ് Utlisation Certificate ൽ ഉള്ളത്. ചെലവഴിക്കാത്ത 2138 രൂപ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/17.8.22) തുക അടവാക്കുന്ന മുറക്ക് അറിയിക്കാമെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-24 ആർട്ട്കോ യിൽ നിന്നുള്ള വാങ്ങലിന്മേൽ ജി എസ് ടി കിഴിവ് നടത്തിയില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 63 |
| പ്രോജക്റ്റ് | വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 520350 (വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 519695 (വികസനഫണ്ട്-പൊതുവിഭാഗം) |
| ബിൽ നമ്പർ | 22/18.3.22 - Rs 463860<br>23/18.3.22 - Rs 55835 |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സ.ഉ(പി)നം.162/ 2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി.ഡി.എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം. ഡി.എ1/87/2019/ ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS (TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2021-22 വർഷത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ പ്രോജക്റ്റ് പ്രകാരം ആർട്ട്ക്കോയിൽ (Artisans Development Co-Operative LTD) നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. മേൽ പറഞ്ഞ വാങ്ങലുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. നിയമാനുസൃതമായ കിഴിവ് നടത്താതെ സപ്ലൈയർക്ക് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 22/19-8-22)വാങ്ങലുകൾക്ക് ഭാവിയിൽ ടി ഡി എസ് ഈടാക്കാമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്രോതസ്സിൽ നിന്നും ജി എസ് ടി-ടി ഡി എസ് തുക കുറവ് ചെയ്ത് മാത്രം ബിൽ തുക അനുവദിക്കേണ്ടതാണ്.

## 1-25 അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് നടത്തിയില്ല

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പ്രൊജക്റ്റ് പ്രകാരം ബിൽ തുക അനുവദിച്ചപ്പോൾ നിയമാനുസൃത ജി എസ് ടി കിഴിവ് നടത്തിയിട്ടില്ലെന്ന് കണ്ടെത്തി. പ്രോജക്റ്റിന്റെ വിശദാംശം.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 86 | അംഗൻവാടി പോഷകാഹാരം(sc) | 1036197 (561197-(വികസനഫണ്ട്-എസ്.സി.പി., 475000-Central) | 741872 (561197-(വികസനഫണ്ട്-എസ്.സി.പി., 180675-Central) |
| | 76 | അംഗൻവാടി പോഷകാഹാരം (ജനറൽ) | 3124493(വികസനഫണ്ട്-പൊതുവിഭാഗം-1500000, Central-924493, Own-700000) | 3055028(വികസനഫണ്ട്-പൊതുവിഭാഗം- 1500000, Central-855028, Own-700000) |

പ്രോജക്റ്റ് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വാങ്ങിയ വകയിൽ പാലാഴി കുടുംബശ്രീ യൂണിറ്റ്, മുണ്ടൂർ എന്ന കുടുംബശ്രീ യൂണിറ്റിന് വിവിധ ബില്ലുകളിലായി തുക അനുവദിച്ചുനൽകിയിട്ടുണ്ട്. അക്കൗണ്ട് നമ്പർ- 38095696628 -GST IN- 32AAPFP8832JIZS 5% ജി.എസ്.ടി (CGST-2.5%, SGST-2.5%) കൂടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം. 65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87 /2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം. നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ

ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നിയമാനുസൃതമായ കിഴിവ് നടത്താതെ സപ്ലൈയർക്ക് തുക അനുവദിച്ചതിന് വിശദീകരണം നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/19.8.22) മറുപടിയായി സ്ഥാപനം ജി എസ് ടി അടച്ചിട്ടുണ്ടെന്ന് അറിയിക്കുകയും രേഖകൾ പരിശോധനക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

സ്രോതസിൽ നിന്നും ജി എസ് ടി-ടി ഡി എസ് തുക കുറവ് ചെയ്ത് മാത്രം തുക അനുവദിക്കേണ്ടതാണ്.

1-26 വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതി - വാങ്ങൽ നടപടി ക്രമപ്രകാരമല്ല

ഗ്രാമപഞ്ചായത്തിൽ 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ എന്ന പ്രൊജക്ട് ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടാണ്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 63 |
| പ്രൊജക്ട് | വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 520350 (വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | 519695 (വികസനഫണ്ട്-പൊതുവിഭാഗം) |
| ബിൽ നമ്പർ | 22/18.3.22 - Rs 463860 |
| | 23/18.3.22 - Rs 55835 |

കട്ടിലുകൾ ടെണ്ടർ കൂടാതെ ആർട്കോയിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ /തീയ്യതി | തുക | എണ്ണം | |
|---|---|---|---|---|
| 22/18.3.22 - Rs 463860 | 334 Dt 7.3.22 | 3640 | 108 | 393120.00 |
| | CGST | | | 35380.80 |
| | SGST | | | 35380.80 |
| | DISCOUNT | | | 22.00 |
| | TOTAL | | | 463860.00 |
| 23/18.3.22 - Rs 55835 | 393 Dt 15.3.22 | 3640 | 13 | 47320.00 |
| | CGST | | | 4258.80 |
| | SGST | | | 4258.80 |
| | DISCOUNT | | | 3.00 |
| | TOTAL | | | 55835.00 |

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ തിയതി 14.2.2018 ഖ. 7.1.13 അനുസരിച്ച് നിശ്ചിത സ്പെസിഫിക്കേഷനിലുള്ളതും പരമാവധി ₹4350 ൽ അധികരിക്കാത്തതുമായ നിരക്കിൽ വൃദ്ധർക്ക് കട്ടിൽ വാങ്ങി നല്കാവുന്നതാണ്. പർച്ചേസ് കമ്മിറ്റി താഴെ പറയും പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്. 11.11.21ലെ തീരുമാനം നം. 2(1) -ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പദ്ധതി നം. 63-വൃദ്ധർക്ക് കട്ടിൽ വിതരണം എന്നതിന് ആവശ്യമായ കട്ടിലുകൾ ആർട്കോ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിന് ബോർഡ് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു. ഇത് ഭരണസമിതി 12.11.21ലെ 7(6) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ(ആർടി)നം.59/2017/SPD തിയതി 20-10-2017 ലാണ് റേറ്റ് കോൺട്രാക്ട് ഉള്ള ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉത്തരവിലെ അവസാന ഖണ്ഡികയിൽ SPD യുടെ Price List ൽ ഉൾപ്പെടാത്തതായ വസ്തുക്കൾ വാങ്ങുന്നതിന് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച് വാങ്ങാനും നിർദേശമുണ്ട്. പദ്ധതി പ്രകാരം വാങ്ങേണ്ട 8 Mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തടിയിൽ/സ്റ്റീലിൽ പണിത 198*90*60 സെ.മീ അളവിലുള്ള കട്ടിലിന് ARTCO യ്ക്ക് റേറ്റ് കോൺട്രാക്ട് നിലവിലില്ല. റേറ്റ് കോൺട്രാക്ട് ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണീച്ചറുകൾ നേരിട്ട് വാങ്ങിയത് ക്രമപ്രകാരമല്ല.

2) സ.ഉ (കൈ) നം22/2018/ത.സ്വ.ഭ.വ തീ 14.02.2018 പ്രകാരം പുറപ്പെടുവിച്ച 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിലേക്കുള്ള സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ വാങ്ങൽ രേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ റേറ്റ് കോൺട്രാക്ട് കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികമാകരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ 10.04.2019 ലെ സ.ഉ(പി) നം. 6/19/എസ്.പി.ഡി, 26.08.2019 ലെ സ.ഉ(പി) നം. 12/19/എസ്.പി.ഡി എന്നീ ഉത്തരവുകൾ പ്രകാരം റേറ്റ് കോൺട്രാക്ട് സമ്പ്രദായം നിർത്തലാക്കിയിട്ടുമുണ്ട്. എന്നാൽ റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും കരാറിന്റെ മൂല്യം 5 ലക്ഷത്തിൽ അധികമായിട്ടും റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സമാഹരിക്കുകയും ചെയ്തു നടപടി പ്രസ്തുത സർക്കാർ ഉത്തരവുകളുടെയും പ്രൊക്യൂർമെന്റ് മാർഗരേഖയുടെയും ലംഘനമാണ്. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/19.8.22) ഭാവിയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

വാങ്ങലുകളിൽ 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച വാങ്ങലിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടായിട്ടില്ലെങ്കിലും സ്ഥാപനങ്ങളുടെ അർഹത പരിഗണിച്ച് മാത്രം നേരിട്ടുള്ള വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

യൂണിറ്റ് കോസ്റ്റ് - 400000

| ക്രമ നം. | പ്രൊജക്റ്റ് നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയത് | ബാക്കി |
|---|---|---|---|---|
| 1 | 33 | തങ്ക D/o കറുപ്പൻ കണക്ക് പറമ്പ് | 40000 | 360000 |
| 2 | 26 | ഫാത്തിമ്മബി D/o ഇബ്രാഹിം പുത്തൻപീടിയേക്കൽ, എഴക്കാട് | 260000 | 140000 |

മേൽ ഗുണഭോക്താക്കളായ തങ്ക, ഫാത്തിമ്മബി എന്നവർ മരണപ്പെട്ടതായും ആയതിൽ തങ്ക 40000 രൂപ അഡ്വാൻസ് തുകയായി കൈപ്പറ്റി വീടിന്റെ തറയുടെ പണി പൂർത്തീകരിക്കുകയും ഫാത്തിമ്മബി 260000 രൂപ കൈപ്പറ്റുകയും വീടിന്റെ റൂഫ് പണി വരെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ മേൽ ഗുണഭോക്താക്കളെ ലൈഫ് മിഷൻ പദ്ധതിയിൽ നിന്നും ഒഴിവാക്കാൻ 2.8.22 ൽ ചേർന്ന ഭരണസമിതിയുടെ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. (തീരുമാനം നമ്പർ 1(3),1(4). ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം പ്രസ്തുത ഗുണഭോക്താക്കൾക്ക് നൽകിയ തുക തിരികെ ഈടാക്കാനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ഭവനപുനരുദ്ധാരണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ -തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

അക്കൗണ്ട് ട്രാൻസ്ഫർ

| പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ/തീയ്യതി | തുക |
|---|---|---|---|---|
| 37 | 1350000 | 1280000 | 8/21.10.21 | 4,50,000 |

| | | | | |
|---|---|---|---|---|
| | (450000-Plan-Gen,900000-Own Fund) | (450000-പദ്ധതി വിഹിതം-ജനറൽ ,830000-Own Fund) | അക്കൗണ്ട് ട്രാൻസ്ഫർ | 3,00,000 |
| | | | അക്കൗണ്ട് ട്രാൻസ്ഫർ | 15,000 |
| | | | അക്കൗണ്ട് ട്രാൻസ്ഫർ | 15,000 |
| | | | അക്കൗണ്ട് ട്രാൻസ്ഫർ | 40,000 |
| | | | അക്കൗണ്ട് ട്രാൻസ്ഫർ | 4,60,000 |

ഒരു ഗുണഭോക്താവിന് 25000 രൂപ നിരക്കിൽ 54 ഗുണഭോക്താക്കൾക്ക് ആകെ 1350000 രൂപയാണ് പ്രൊജക്റ്റിൽ വകയിരുത്തിയിരിക്കുന്നത്. താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നൽകിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക |
|---|---|---|
| 1 | രാജൻ S/o മുരുകൻ<br>പുന്നയിൽ ഹൗസ്, മുണ്ടൂർ | 15000 |
| 2 | ലിസി വർഗ്ഗീസ് W/o വർഗ്ഗീസ്<br>മുന്താണിക്കൽ ഹൗസ്<br>അമ്പലവട്ടം, എഴക്കാട് | 15000 |
| 3 | കമലം എം.കെ D/o കുട്ടൻ<br>മന്ദത്ത് പറമ്പ്, മുണ്ടൂർ | 15000 |
| 4 | പങ്കജം W/o സുന്ദരൻ<br>കുളംകുന്ന്, മുണ്ടൂർ | 15000 |
| 5 | സരസ്വതി W/o വേലായുധൻ<br>വെളുത്തേടത്ത് ഹൗസ്<br>പാലക്കീഴ്, മുണ്ടൂർ | 15000 |
| 6 | അനന്തനാരായണൻ S/o കൃഷ്ണയ്യർ<br>കിഴക്കേമഠം, വേലിക്കാട് | 15000 |
| 7 | നാരായണൻ S/o ചാമിയാർ<br>നാമ്പുള്ളിപ്പുര | 15000 |

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/20.8.22) ക്രമനമ്പർ 4 ഒഴികെയുള്ള എല്ലാ ഗുണഭോക്താക്കളും നിലവിൽ പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും തുക ഉടൻ തന്നെ നൽകുമെന്നും ക്രമനമ്പർ 4 പണി പൂർത്തീകരിക്കുന്ന മുറക്ക് മുഴുവൻ തുകയും നൽകുമെന്നും അറിയിച്ചിട്ടുണ്ട്.തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 ഹരിതകർമ്മസേനയുടെ പ്രവർത്തനം-അവലോകനം

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2 020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും ശുപാർശകളും താഴെ ചേർക്കുന്നു.

എ) പ്ലാസ്റ്റിക് - ഖരമാലിന്യ നിയമാവലി

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ചുള്ള പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി ഗ്രാമപഞ്ചായത്ത് 22.5.21 ൽ ചേർന്ന ഭരണസമിതി യോഗത്തിലെ തീരുമാനം നമ്പർ 5(1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബി) ഹരിത കർമ്മസേനയുടെ രൂപീകരണം

ഹരിതകർമ്മസേനയുടെ പ്രവർത്തനം 15-7-2020 മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. 18 വാർഡുകളുള്ള

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയിൽ ആദ്യ ഘട്ടത്തിൽ 18 പേരാണുണ്ടായിരുന്നത്. നിലവിൽ 15 അംഗങ്ങളാണുള്ളത്.

വീട്ടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ജൈവമാലിന്യം കൃഷിക്കുവേണ്ടി പ്രയോജനപ്പെടുത്തുന്നതിന വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക, പൊതു മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട സേവനങ്ങൾ നൽകുക മുതലായ ചുമതലകളും മാർഗ്ഗരേഖ പ്രകാരം നിക്ഷിപ്തമാക്കിയ മറ്റു ചുമതലകളും ഹരിത കർമ്മസേന നിർവ്വഹിക്കേണ്ടതാണ്. ഭാഗികമായി പൂർത്തീകരിച്ച എം.സി.എഫിൽ, കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക്ക് സൂക്ഷിച്ച് നിശ്ചിത ഇടവേളകളിൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറി വരുന്നുണ്ട്. സേനാംഗങ്ങൾക്കുള്ള യൂണിഫോം, കൂടാതെ ഗ്ലൗസ്, ഗംബൂട്സ്, സാനിറ്റൈസർ തുടങ്ങിയ സുരക്ഷാസാമഗ്രികളും ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്

സി) യൂസർഫീ ഈടാക്കൽ

വീട്ടുകളിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയും പ്രതിമാസ യൂസർ ഫീ ആയി നിലവിൽ ഈടാക്കി വരുന്നുണ്ട്.

ഗ്രാമപഞ്ചായത്തിൽ 9806 വീട്ടുകളും 476 വ്യാപാര സ്ഥാപനങ്ങളും ഉണ്ടെന്ന് ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്ന തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. യൂസർഫീ ലഭിക്കുന്നതിനാവശ്യമായ ബോധവത്കരണപരിപാടികൾ നടത്തുന്നുണ്ടെന്ന് അറിയിച്ചു.

ഡി) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന എം.സി.എഫ് പ്രവർത്തിക്കുന്നത് വഴക്കപ്പാറയിലാണ്.

ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന മിനി എം.സി.എഫുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.ആയതിന് വേണ്ടി 2022-23 ൽ പ്രൊജക്ട് നമ്പർ 256 പ്രകാരം 10,40,000 രൂപ അടങ്കൽ വെച്ചിട്ടുണ്ട്.

ഇ) റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് വഴക്കപ്പാറയിൽ പ്രവർത്തിക്കുന്നുണ്ട്.

എഫ്. ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. അത്തരത്തിൽ ഹരിതസഹായ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടില്ല.

ജി) ക്ലീൻ കേരള കമ്പനി

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് മാലിന്യ നീക്കം നടത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഹരിതകർമ്മ സേന പ്രവർത്തിച്ച് തുടങ്ങിയതിനുശേഷം 30 ടൺ പ്ലാസ്റ്റിക് കമ്പനി ശേഖരിച്ചിട്ടുള്ളത്

എച്ച് ) ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

15.7.20 ന് ഹരിത കർമ്മസേനാ സംരംഭങ്ങൾക്ക് വേണ്ടി അക്കൗണ്ട് (നമ്പർ-101100010014532) ആരംഭിച്ചിട്ടുണ്ട്. യൂസർഫീ ശേഖരിക്കുന്ന ദിവസം തന്നെ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ അടവാക്കുന്നുണ്ട്. 15.7.20 ന് ഹരിതകർമ്മസേനയുടെ അക്കൗണ്ട് ആരംഭിച്ചപ്പോൾ മുന്നിരിപ്പായി 14500 രൂപ അടവാക്കിയിട്ടുണ്ട്. 2.8.22 ലെ അക്കൗണ്ട് നീക്കിയിരിപ്പ് 29941 രൂപയാണ്.

ഐ) വി.ഇ.ഒ മാരുടെ ചുമതലകൾ

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും വി.ഇ.ഒ മാർക്ക് ചുമതല നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ച വെച്ചതിന് ഹരിതകർമ്മസേന കൺസോർഷ്യത്തിന് ജില്ലാ ശുചിത്വ മിഷന്റെ 2022 ലെ അവാർഡ് 11.8.22 ന് ജില്ലാ കലക്ടറിൽ നിന്നും ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.
- എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നിർമ്മാണങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.
- പാഴ്വസ്തുക്കളുടെ ശേഖരണത്തിനും എം.സി.എഫി.ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
- ഹരിതകർമ്മസേനയുടെ പ്രവർത്തനം വിപുലീകരിച്ച് കൂടുതൽ വീടുകളിലേയും കച്ചവട സ്ഥാപനങ്ങളിലേയും അജൈവ മാലിന്യങ്ങൾ എം.എസി.എഫിൽ എത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.
- ഹരിത കർമ്മസേനയ്ക്ക് അനുവദിക്കുന്ന വയബിലിറ്റി ഗ്യാപ് ഫണ്ട് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ അധികമാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിന ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ

പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 153/22- മീൻകുളം വെട്ടത്ത് റോഡ് പുനരുദ്ധാരണം<br>467250<br>ബിൽ നം.-29/25-3-2022-469450/- | 22-5-2021 | 11-6-2021 | 16/AE/LSGD /MDR/23-6-2021<br>ഏ.ആർ. മുരളീകൃഷ്ണൻ | 4673 | 0 | 4673 |
| 2 | SO 155/22- കിണർ പുനരുദ്ധാരണം<br>349415<br>ബിൽ നം.-14/17-3-2022-208513/- | 22-5-2021 | 10-6-2021 | 14/AE/LSGD /MDR/22-6-2021<br>വാസുദേവൻ. പി.സി. | 3494 | 0 | 3494 |
| 3 | SO 135/22- കോട്ടൂർ കുടിവെള്ള പദ്ധതി<br>249533<br>ബിൽ നം.-40/30-3-2022-249533/- | 22-5-2021 | 17-6-2021 | 12/AE/LSGD /MDR/21-6-2021<br>രജീഷ്. ആർ | 2493 | 0 | 2493 |
| 4 | SO 149/22- ആയുർവ്വേദ ഡിസ്പെൻസറി പുനരുദ്ധാരണം<br>(തനത് ഫണ്ട്)<br>197554<br>ചെക്ക് നം.-2517147/21-2-2022-197314/- | 22-5-2021 | 17-6-2922 | 13/AE/LSGD /MDR/21-6-2021<br>സുരേഷ് ബാബു.കെ | 1975 | 0 | 1975 |
| 5 | SO 148/22- പി. എച്ച്.സി. സബ്ബ് സെന്റർ പുനരുദ്ധാരണം<br>299826<br>ബിൽ നം.-20/17-3-2022-294872/- | 22-5-2021 | തീയ്യതി എഴുതിയിട്ടില്ല. | 8/AE/LSGD /MDR/21-6-2021<br>രജീഷ് . ആർ | 2998 | 0 | 2998 |
| 6 | SO 150/22- പന്നിയംപാടം കുടിവെള്ള പദ്ധതി.<br>311192<br>ബിൽ നം.-41/30-3-2022-123773/- | 22-5-2021 | തീയ്യതി എഴുതിയിട്ടില്ല. | 9/AE/LSGD /MDR/21-6-2021<br>സുധാകരൻ കെ.ആർ | 3111 | 0 | 3111 |
| ആകെ | | | | | | | 18744 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/20-8-2022) ഭരണസമിതി തീരുമാനം ലഭിക്കാൻ വൈകിയതിനാലാണ് ഇപ്രകരം സംഭവിച്ചത് എന്നും ആയത് സാധൂകരിക്കുന്നതിന് ഭരണസമിതി തീരുമാനം എടുത്തതിന് ശേഷം വിവരം അറിയിക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ടി മറുപടി അംഗീകരിക്കുന്നില്ല. സെലക്ഷൻ നോട്ടീസ് അയക്കാൻ വൈകിയതിനാലാണ് കരാറിൽ ഏർപ്പെടാൻ വൈകിയത്. ടി സാഹചര്യത്തിൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 18744 രൂ. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-31 ടാർ ബാരലുകളുടെ വില ഈടാക്കിയിട്ടില്ല .ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ടി തുക അടവാക്കിയിട്ടുണ്ട്.

2021- 22ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 238/-രൂപ നിരക്കിൽ ബാരലിന്റെ വിലയും ജി.എസ്. ടിയും(18%) കരാറുകാരിൽ നിന്ന് ഈടാക്കിയതായിട്ടില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജ.നം./ പ്രവൃത്തി/ കരാറുകാരൻ | ബിൽ നം, തുക, അളവു പുസ്തകം | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | SO - 138/22- . ഇല്ലത്തുകുന്ന് പത്താം മൈൽ റോഡ് മെയിന്റനൻസ്<br>റെജി കെ ഇട്ടൻ | 21/17-3-2022-259760/-രൂ.<br>MB No. 23/20-21 | 15 | 4215 |
| 2 | SO - 139/22- . പൊട്ടുപാറ ചെറുകരപറമ്പ് റോഡ് മെയിന്റനൻസ്<br>റെജി കെ ഇട്ടൻ | 30/25-3-2022-255894/-രൂ.<br>MB No. 32/20-21 | 7 | 1967 |
| 3 | SO - 140/22- . മീനങ്ങാട് നെച്ചുപ്പള്ളി റോഡ് മെയിന്റനൻസ്<br>രാജേഷ്. പി. | 13/10-3-2022-299653/-രൂ.<br>MB No. 15/20-21 | 14 | 3934 |
| 4 | SO - 145/22- . എഴക്കാട് പുത്തൻപള്ളി റോഡ് മെയിന്റനൻസ്<br>അബുതാഹിർ. പി.ബി | 7/25-2-2022-259835/-രൂ.<br>MB No. 34/20-21 | 13 | 3653 |
| 5 | SO - 143/22- . കിഴക്കേവട്ടം മുതൽ യുവക്ഷേത്ര വരെയുള്ള റോഡ് മെയിന്റനൻസ്<br>അബുതാഹിർ. പി.ബി | 4/25-2-2022-259884/-രൂ.<br>MB No. 12/20-21 | 15 | 4215 |
| 6 | SO - 105/22- . കുളമുള്ളി റോഡ് മെയിന്റനൻസ്<br>ശശിധരൻ .എം. | 37/30-3-2022-259856/-രൂ.<br>MB No. 14/20-21 | 15 | 4215 |
| 7 | SO - 201/22- .തിരുത്തിനി ആലിങ്കൽ റോഡ് മെയിന്റനൻസ്<br>ഷംസുദ്ദീൻ. ടി.യു. | 39/30-3-2022-437361/-രൂ.<br>MB No. 30/20-21 | 20 | 5620 |
| 8 | SO-53/22-<br>വടക്കന്റെ കാട് അമ്പലക്കാട് റോഡ് മെയിന്റനൻസ്<br>റെജി കെ ഇട്ടൻ | 22/17-3-2022-379732/-രൂ.<br>MB No. 22/20-21 | 18 | 5058 |
| 9 | SO - 93/22-<br>തെക്കേക്കളം റോഡ് റീടാറിംഗ്<br>ബിനുക്കുട്ടൻ. ജി | 24/23-3-2022-379922/-രൂ.<br>MB No. 11/20-21 | 16 | 4496 |

| | | | | |
|---|---|---|---|---|
| 10 | SO - 54/22- ചളിർക്കാട് മുസ്ലിം പള്ളി എരണിപ്പാടം റോഡ് മെയിന്റനൻസ്<br>എ. ആർ. മുരളികൃഷ്ണൻ | 28/25-3-2022-377800/-രൂ.<br>MB No. 26/20-21 | 18 | 5058 |
| 11 | SO - 69/22- വടക്കേക്കര തേക്കിൻതൊടി റോഡ് റീടാറിംഗ്<br>കെ.ആർ. സുധാകരൻ | 17/17-3-2022-379308/-രൂ.<br>MB No. 25/20-21 | 14 | 3934 |
| 12 | SO - 52/22- ചേലപ്പാറ കാപ്പുകാട്<br>റോഡ് റീടാറിംഗ്<br>സുരേഷ് ബാബു. കെ.ആർ | 11/10-3-2022-379777/-രൂ.<br>MB No. 16/20-21 | 17 | 4777 |
| 13 | SO - 55/22- വടക്കും പുറം നാമ്പുള്ളിപ്പുര റോഡ് ടാറിംഗ്<br>രാജേഷ്. പി. | 12/10-3-2022-379757/-രൂ.<br>MB No. 38/20-21 | 17 | 4777 |
| 14 | SO - 80/22-<br>കയറം കാവ് മൂത്തേടം റോഡ് റീടാറിംഗ്<br>രാജേഷ് .ആർ | 10/10-3-2022-378970/-രൂ.<br>MB No. 43/20-21 | 18 | 5058 |
| 15 | SO - 84/22-<br>ലേബർ സ്കൂൾ പുനത്തിൽ പറമ്പ് റോഡ് റീടാറിംഗ്<br>അബുതാഹിർ. പി.ബി | 6/25-2-2022-378426/-രൂ.<br>MB No. 39/20-21 | 16 | 4496 |
| 16 | SO - 91/22-<br>പാണത്തറ അമ്പലവട്ടം റോഡ് റീടാറിംഗ്<br>അബുതാഹിർ. പി.ബി | 5/25-2-2022-379971/-രൂ.<br>MB No. 33/20-21 | 18 | 5058 |
| 17 | SO - 219/22-<br>പൂതന്നൂർ മലമ്പള്ള റോഡ് റീടാറിംഗ്<br>ഷംസുദ്ദീൻ | 33/25-3-2022-399826/-രൂ.<br>MB No. 10/20-21 | 18 | 5058 |
| | | | ആകെ. | 75589 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മേൽസൂചിപ്പിച്ച തുക മുഴുവനായും കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്തിൽ അടവാക്കിയതായി അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച രസീതികളുടെ ആധികാരികത ഓഡിറ്റിൽ പരിശോധിച്ചിട്ടുമുണ്ട്.

1-32 ബഹുവർഷ പ്രോജക്റ്റിന്റെ നടത്തിപ്പിൽ സംഭവിച്ച അപാകതകൾ മൂലം സാമ്പത്തിക നഷ്ടം സംഭവിച്ചിരിക്കുന്നു.

2019-20 സാമ്പത്തിക വർഷം ബഹുവർഷ പ്രോജക്റ്റായി ആരംഭിച്ച ചമ്മലക്കുന്ന് കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിശദാംശങ്ങൾ | 2019-20 വർഷം | 2020-21 വർഷം | ആകെ. |
|---|---|---|---|
| ആകെ അടങ്കൽ | 1000000 | - | 1000000 |
| ഓരോ വർഷത്തെയും അലോട്ട്മെന്റുകൾ | 255000 | 745000 | 1000000 (പദ്ധതി ഫണ്ട് - എസ്. സി. പി) |
| ചെലവ് | --- | 416970 | 416970 (2020-21വരെ) |

ടി പ്രോജക്റ്റ് നിർവ്വഹണത്തിന് E-Tender നടത്തി കരാറുകാരൻ എച്ച്. നൂറുൽ ഹമീദിന് 858589 രൂപയ്ക്ക് 15-11-2019 ലെ ഭരണസമിതി തീരുമാനപ്രകാരം ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ

നം. 70/AE/LSGD/ MDR/ 6-12-2019 പ്രകാരം എഗ്രിമെന്റ് ചമച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷം ഉദ്ദേശിച്ച പ്രവൃത്തിയായ കുഴൽക്കിണറിന്റെ നിർമാണം പൂർത്തീകരിച്ച എങ്കിലും കരാറുകാരന് തൻവർഷ അലോട്ട്മെന്റിൽ നിന്ന് നൽകേണ്ട തുക നൽകിയിട്ടില്ല. പിന്നീട് 2020-21 വർഷം മുൻവർഷത്തിൽ ചെയ്ത പ്രവൃത്തിയുടെയും തൻവർഷം ചെയ്ത പ്രവൃത്തിയുടെയും തുകയായി ആകെ 416970 രൂ. തൻവർഷത്തെ അലോട്ട്മെന്റ് തുകയായ 745000 രൂപയിൽ നിന്ന് നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ 2019-20 വർഷം വകയിരുത്തിയ തുകയിൽ നിന്നും ചെലവ് നടത്തിയിട്ടില്ല.

ആയതിനാൽ 2021-22 സാമ്പത്തിക വർഷം ഇത് സ്പിൽ ഓവർ പ്രവൃത്തിയായി ഉൾപ്പെടുത്തിയപ്പോൾ ആകെ അടങ്കൽ 1000000 ന് പകരം 745000 മാത്രമാണ് (2019-20 വർഷത്തെ തുക 255000രൂ. ഒഴിവാക്കി) വകയിരുത്തിയിട്ടുള്ളത്. ഇതിൽ 2020-21വർഷത്തെ ചെലവായ 416970 രൂ. കിഴിച്ച് ബാക്കി 328030 മാത്രമാണ് 2021-22 വർഷം ചെലവഴിക്കാൻ വകയിരുത്തിയത്. ഇതിൽ നിന്നും തൻവർഷം 294820രൂ. ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം. 1/16-11-2021). ഇപ്രകാരം 2021-22 സാമ്പത്തിക വർഷം വരെ ആകെ 711790 രൂ. ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ 2021-22 വർഷം തന്നെ പ്രോജക്ട് നം. 202/22 പ്രകാരം ചമ്മലക്കുന്ന് കുടിവെള്ള പദ്ധതിക്കായി 255000 വകയിരുത്തിക്കൊണ്ട് പുതിയ പ്രോജക്ട് വെയ്ക്കുകയും ആയതിൽ നിന്ന് 254568 രൂ. (ബിൽ നം. 19/ 17-3-2022) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ എക്സസ് ആയി 22274 രൂ. നൽകാനായി ബാക്കി നിൽക്കുന്നുമുണ്ട്. ആയതിനാൽ ടി പദ്ധതിക്ക് ആകെ ചെലവ് 988632 രൂ. (711790രൂ + 254568 രൂ + 22274 രൂ ) ആയിത്തീരുന്നു. കരാറുകാരന്റെ APAC 858589രൂപയ്ക്കൊപ്പം ജി.എസ്.ടി തുകയായ (12%) കൂടി ചേർത്താൽ ആകെ നൽകാവുന്ന 961619 രൂപയുടെ സ്ഥാനത്ത് 988632രൂ. അനുവദിക്കുക വഴി അധികമായി 27013രൂ. അനുവദിച്ചിട്ടുണ്ട്. ടി പ്രോജക്ട് പിന്നീട് റിവൈസ് ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 31/20-8-2022) ഭരണസമിതിയുടെ സാധൂകരണം ലഭ്യമാക്കിയ ശേഷം മറുപടി നൽകാമെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയതിനാൽ അധികം നൽകിയ തുക ക്രമീകരിക്കുന്നതുവരെ 27013 രൂ. തടസ്സത്തിൽ വെയ്ക്കുന്നു.

### 1-33 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷം ബഹുവർഷ പ്രോജക്ടായി ആരംഭിച്ച ചമ്മലക്കുന്ന് കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ടി പദ്ധതിയുടെ ആകെ അടങ്കലായ 1000000 രൂപയിൽ നിന്നും ഓരോ വർഷത്തെയും അലോട്ടുമെന്റുകളും ചെലവും ചുവടെ ചേർക്കുന്നു.

| വിശദാംശങ്ങൾ | 2019-20 വർഷം | 2020-21വർഷം | ആകെ. |
|---|---|---|---|
| അലോട്ട്മെന്റ് | 255000 | 745000 | 1000000 (പദ്ധതി ഫണ്ട് - എസ്. സി. പി) |
| ചെലവ് | ---- | 416970 | 416970 (2021-22വരെ) |

ടി പ്രോജക്ട് നിർവ്വഹണത്തിന് E-Tender നടത്തി കരാറുകാരൻ എച്ച്. നൂറുൽ ഹമീദിന് 858589 രൂപയ്ക്ക് 15-11-2019ലെ ഭരണസമിതി തീരുമാനപ്രകാരം ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നം. 70/AE/LSGD/ MDR/ 6-12-2019 പ്രകാരം എഗ്രിമെന്റ് ചമച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കുഴൽക്കിണർ നിർമാണം, ടാങ്ക് സ്ഥാപിക്കൽ, മോട്ടോർ -അനുബന്ധ സംവിധാനം ഒരുക്കൽ, ഇലക്ട്രിഫിക്കേഷൻ-പൈപ്പ് ലൈൻ വിതരണം എന്നിവയ്ക്കായി നാല് അപ്പന്റിക്സുകളിലായി വിവിധ പ്രവൃത്തി ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അംഗീകരിച്ച ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ എണ്ണവും പ്രവൃത്തി ചെയ്തവയുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| ഭാഗങ്ങൾ | ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ എണ്ണം | പ്രവൃത്തി ചെയ്ത ഇനങ്ങളുടെ എണ്ണം |
|---|---|---|
| അപ്പന്റിക്സ് - എ | 5 | 5 |

| | | |
|---|---|---|
| അപ്പന്റിക്സ് - ബി. | 1 | 1 |
| അപ്പന്റിക്സ് - സി. | 1 | 1 |
| അപ്പന്റിക്സ് - ഡി. | 19 | 14( ക്രമനം. 12,13,14,15,16 എന്നിവ ഒഴിവാക്കി- പൈപ്പ് ഇനങ്ങൾ ) |

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 1601.1.6 നം. വകുപ്പ് പ്രകാരം പ്രവൃത്തിയിലെ ഇനങ്ങൾ ഒഴിവാക്കുമ്പോഴും കൂട്ടിച്ചേർക്കുമ്പോഴും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങണമെന്ന് വ്യക്തമാക്കുന്നു. എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual ലെയും കരാറുകാരനും അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension ( Shall Not Exceed 25% Of The Original Time Or Six Months Whichever Is Less) | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

പ്രവർത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) പ്രോജക്റ്റിന്റെ നം. , പേര് : SO 143/22- കിഴക്കേവെട്ടം മുതൽ യുവക്ഷേത്രം പുറക് വശം വരെ റോഡ് പുനരുദ്ധാരണം

| | |
|---|---|
| ചെലവ്: , ബിൽ നം. , തീയ്യതി | ബിൽ നം.-4/25-2-2022-259884/- |
| കരാർ നം., അളവു പുസ്തകം: | 2/AE/LSGD/MDR/21-6-2021, MB No.12/20-21 |
| പി.എ.സി. | 232039 |
| കരാറുകാരൻ: | അബൂതാഹിർ. പി.ബി. |
| സ്ഥലം കൈമാറിയ തീയ്യതി. | 21-6-2021, |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 20-12-2021 |
| പൂർത്തീകരിച്ച തീയ്യതി: | 24-1-2022 |
| ഈടാക്കേണ്ട പിഴ (1%) | 2320 |
| ഈടാക്കിയത് | 0 |
| ഈടാക്കിയതിൽ കുറവ്: | 2320 |

പ്രവൃത്തി പൂർത്തീകരണത്തിനായി സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ

നൽകിയിട്ടുണ്ടെങ്കിലും ആയത് ഭരണസമിതി അംഗീകരിച്ച് തീരുമാനം എടുത്തിട്ടില്ല. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 2320 രൂ. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. വാർഷിക ധനകാര്യ പത്രിക പരശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 10.08.2022 മുതൽ 22.08.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | 2021-22 വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് | 2558 | 0 | പെയിൻ ആന്റ് പാലിയോറ്റീവ് | 2558 | 0 |
| | 85700 | 0 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകൽ | 85700 | 0 |
| | 69252 | 0 | ലൈഫ് മിഷൻ (ജനറൽ) | 69252 | 0 |
| | 500000 | 0 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ | 500000 (സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ചു) | 0 |
| | 5401 | 0 | പലിശ ഇനത്തിൽ ലഭിച്ച തുക | 0 | 5401 |
| | 0 | 927850 | നെൽകൃഷിക്ക് കൂലിച്ചെലവ് | 927850 | 0 |
| | 0 | 82000 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 82000 | 0 |
| | 0 | 50000 | പാലിന് സബ്സിഡി | 50000 | 0 |
| ആകെ | 662911 | 1059850 | 1722761 | 1717360 | 5401 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 80000 | 0 | ഋത വാട്ടർഷെഡ് മാനേജ് മെന്റ് | 0 | 80000 |
| | 451768 | 0 | ലൈഫ് മിഷൻ | 451768 | 0 |

| | | | | | |
|---|---|---|---|---|---|
| | 0 | 821810 | നെൽകൃഷി കൂലിച്ചെലവ് | 821810 | 0 |
| | 0 | 125000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 125000 | 0 |
| | 0 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ആകെ | 531768 | 1046810 | 1578578 | 1498578 | 80000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് തുക | ബിൽ നമ്പർ/വൗച്ചർ നമ്പർ | റിമാർക്ക്സ് |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ്, മുണ്ടൂർ (അക്കൗണ്ട് നമ്പർ-67042186454) | SC കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രൊജക്ട് നമ്പർ- 101) | 290103 (വികസന ഫണ്ട്-SCP) | 290103 | 14/12.10.21 ; Rs 265028 | U.C ലഭ്യമായിട്ടുണ്ട് |
| | | | | 18/8.11.21 ; Rs 25075 | U.C ലഭ്യമായിട്ടുണ്ട് |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെറുകിട ജലസേചന വിഭാഗം (8443-00-108-00-00-00-NV PW ഡെപ്പോസിറ്റ്) | പുളിയംപുള്ളി തോടിനു കുറുകെയുള്ള തടയണ പൊളിച്ചുമാറ്റലും സംരക്ഷണഭിത്തി പുനർനിർമ്മിക്കലും (പ്രൊജക്ട് നമ്പർ- 231) | 720000 (പദ്ധതി വിഹിതം-ജനറൽ) | 720000 | 13/8.10.21 | പദ്ധതിക്കായി 720000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും 517316 രൂപ ചെലവഴിച്ചതായിട്ടാണ് Utlisation Certificate ൽ ഉള്ളത് ചെലവഴിക്കാത്ത 202684 രൂപ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. |
| അസിസ്റ്റന്റ് എഞ്ചിനീയർ ജലസേചന വിഭാഗം മലമ്പുഴ കനാൽ സെക്ഷൻ(അക്കൗണ്ട് നമ്പർ-714011400000366) | വഴക്കപ്പാറ നരീക്കോട് സംരക്ഷണഭിത്തി നിർമ്മാണം(പ്രൊജക്ട് നമ്പർ- 269) | 460000 (തനത് ഫണ്ട്- 200000, മെയിന്റനൻസ് ഫണ്ട് റോഡ്- 260000) | 460000 | വൗച്ചർ നമ്പർ 22101042/ 25.2.22) തനത് ഫണ്ട്- 200000 | പദ്ധതിക്കായി 460000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും 457862 രൂപ ചെലവഴിച്ചതായിട്ടാണ് Utlisation Certificate ൽ ഉള്ളത്. ചെലവഴിക്കാത്ത 2138 രൂപ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. |
| | | | | 35/20.2.22 മെയിന്റനൻസ് ഫണ്ട് റോഡ്- 260000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ലഭിച്ച തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | G.O(MS) 68/2018 | 33460000* | 28766669 | 0 | 3182669 | 0 | 25584000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | /18-5-18-<br>KURD-FC Loan | | | | | | |

* ആകെ വായ്പ തുക 33470725 ൽ 10725 രൂപ 2019-20 സാമ്പത്തിക വർഷത്തിൽ തിരിച്ചടച്ചിട്ടുണ്ട് .

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | തുക | ഒടുക്കിയ ആളിന്റെ വിവരങ്ങൾ | രസീതി നം. , തീയ്യതി |
|---|---|---|---|---|
| 2019-20 | 1-15 | 300 | പ്രതാപ്.കെ | 12119010169 /28-7-21 |
| | | 300 | വിപിൻദാസ് | 12119010170 /28-7-21 |
| | | 750 | നമിത.കെ | 12119010171 /28-7-21 |
| | | 2000 | ആതിര.പി.കെ | 12119010172/28-7-21 |
| | | 1750 | സുനീഷ്.കെ | 12119010173/28-7-21 |
| | | 1600 | ഷൈജു | 12119010173 /29-7-21 |
| | | 1700 | നീനു | 12119010173 /29-7-21 |
| | | 600 | രാധാകൃഷ്ണൻ | 12119010173 /29-7-21 |
| | 1-13 | 2100 | അക്ബർ സോ മിൽ | 121190101283/29-7-21 |
| | | 2100 | അക്ബർ സോ മില് | 121190101283/29-7-21 |
| | | 900 | വി.ഇ. മുഹമ്മദ് റാഫി | 121190101464/12-8-21 |
| | | 900 | വി.ഇ. മുഹമ്മദ് റാഫി | 121190101464/12-8-21 |
| | | 480 | ചോള കാർ വാഷ് | 121190101514/16-8-21 |
| | | 1260 | സെൻട്രൽ റൈസ് മിൽ | 121190101520/16-8-21 |
| | | 1380 | സെൻട്രൽ റൈസ് മിൽ | 121190101520/16-8-21 |
| | | 1050 | ശ്രീകൃഷ്ണ ഇൻഡസ്ട്രീസ് | 121190101522/16-8-21 |
| | | 1050 | ശ്രീകൃഷ്ണ ഇൻഡസ്ട്രീസ് | 121190101522/16-8-21 |
| | | 720 | പന്തലിക്കൽ ഹോളോ ബ്രിക്സ് | 121190101713 /1-9-21 |
| | | 720 | പന്തലിക്കൽ ഹോളോ ബ്രിക്സ് | 121190101713 /1-9-21 |
| | | 1770 | ജെ.കെ..എച്ച്. ഫ്രൂട്ട്സ് | 121190101736/1-9-21 |
| | | 1770 | ജെ.കെ..എച്ച്. ഫ്രൂട്ട്സ് | 121190101736 /1-9-21 |
| | | 480 | മിസ്റ്റർ ബട് ലേഴസ് കാറ്ററിംഗ് സർവ്വീസ് | 121190101776/31-9-21 |
| | | 480 | മിസ്റ്റർ ബട് ലേഴസ് കാറ്ററിംഗ് സർവ്വീസ് | 121190101776 /31-9-21 |
| | 1-13 | 1020 | ടവർ സിമന്റ് പ്രോഡക്സ് | 121190103443 /27-10-21 |
| | | 2730 | ടവർ സിമന്റ് പ്രോഡക്സ് | 121190103443/27-10-21 |
| | | 1530 | ആതിര ഹെയേഴസ് എക്സ്ട്രാക്ട്സ് ആന്റ് ഡെറിവേറ്റീവ്സ് | 121190101485/13-8-21 |
| | | 1470 | ആതിര ഹെയേഴസ് എക്സ്ട്രാക്ട്സ് ആന്റ് ഡെറിവേറ്റീവ്സ് | 121190101485/13-8-21 |
| | | 540 | ശ്രീനാരായണ അവിൽ മിൽ | 121190101496/13-8-21 |
| | | 540 | ശ്രീനാരായണ അവിൽ മിൽ | 121190101496/13-8-21 |
| | 1-11 | 1250 | സുധാകരൻ , കോൺട്രാക്ടർ | 121190103074/20-10-21 |
| | | 1250 | സുധാകരൻ , കോൺട്രാക്ടർ | 121190103074/20-10-21 |
| 2020-21 | 1-17 | 3960 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 121190107523/29-11-21 |
| | 1-11 | 2500 | മുരളീകൃഷ്ണൻ .ആർ. | 121190107342/10-3-22 |
| ആകെ | | 42950 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,84,02,972 |
| ഓഡിറ്റ് വർഷത്തെ വരവ് | 9,38,21,114 |
| ആകെ | 11,22,24,086 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,33,86,526 |
| നീക്കിയിരിപ്പ് | 2,88,37,560 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 27013 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം- ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-32 | 27013 | മുഹസിൻ മുനവർ , അസി. എഞ്ചിനീയർ |
| ആകെ. | 27013 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 18744 | മുഹസിൻ മുനവർ , അസി. എഞ്ചിനീയർ |
| 1-34 | 2320 | മുഹസിൻ മുനവർ , അസി. എഞ്ചിനീയർ |
| ആകെ. | 21064 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുഹസിൻ മുനവർ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, മുണ്ടൂർ ഗ്രാമപഞ്ചായത്ത്. | അർഷാദ് മൻസിൽ ഹിൽവ്യൂ നഗർ ഡി ബ്ലോക്ക് നം. 19 ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പുതുപ്പരിയാരം |

| | | |
|---|---|---|
| | | പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1998-99 | KSA-PKD-17/ 289,1317/11 DT.19.11.11 | 15 | 17,20,25,29,30(1), 31, 32, 36, 37, 40, 42(3), 43(1), |
| 1999-00 | KSA-PKD-17/ 289, 1317/11 DT.19.11.11 | 1 | 3 (2) |
| 2001-02 | KSA-PKD-17/ 13816 DT.03.04.17 | 2 | 2(2), 3(1) |
| 2002-03 | KSA-PKD-17/ 774/16 DT.03.04.17 | 1 | 3(2) |
| 2003-04 | KSA-PKD17/ 1173/08 Dt. 3.11.08 | 7 | 2-1, 2-3, 2-4, 2-6(1), 2-6(2), 3-1, 3-3 |
| 2004-05 | KSA-PKD-17/ 2087/14DT.23.05.15 | 6 | 3-1(1), 3-1(2), 3-2, 3-3, 3-4, 3-4(2) |
| 2005-06 | KSA-PKD-17/2087/ 14 DT.23.05.15 | 1 | 3-2 (1) |
| 2006-07 | KSA-PKD17/1499/ 2011 Dt. 19.11.11 | 7 | 2-1, 3-1, 3-2, 3-3, 3-4(1), 3-4(2), 3-5 |
| 2007-08 | KSA-PKD17/ 43/11 (4) Dt. 15.11.11 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2008-09 | KSA-PKD17/1182/12 Dt. 8.7.17 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2009-10 | KSA-PKD17/2566/ 14 Dt. 4.5.15 | 10 | 2-1, 2-1 (1), 2-1 (2), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2010-11 | KSA-PKD-17/ 1897/15 Dt.16.01.16 | 5 | 2-2, 3-1, 3-4, 3-5, 3-6 |
| 2011-12 | KSA-PKD17/ 1582/18 | 10 | 2-6, 3-1, 3-5a, 3-5b, 3-6, 3-8, 3-10, 3-12, 3-13, 3-14 |
| 2012-13 | KSA-PKD-17/ 2132/16 DT.14.03.17 | 10 | 2-2, 2-3, 3-1, 3-2, 3-3, 3-5, 3-8, 3-9, 3-10, 3-13 |
| 2013-14<br>2014-15 | KSA-PKD17/ 1834/17 Dt. 5.3.18 | 6 | 2-2, 2-6, 2-7, 3-1, 3-19, 3-20 |
| 2017-18 | KSA-PKD17/2495/ 18,dt.10-01-18 | 4 | 2-1,3-2,3-3,3-5 |
| 2018-19 | KSA-PKD-17/575/ 20,dt. 04.06.20 | 22 | 1-11 മുതൽ<br>3-1 വരെ |
| 2019-20 | KSA-PKD-17/945/20,dt. 12.4.2021 | 1 | 2(1) |
| 2020-21 | KSA-PKD-17/1076/21,dt. 16.9.2021 | എല്ലാ ഖണ്ഡികകളും | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മുണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Mundur Grama Panchayat<br><br>BALANCE SHEET | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 49452686.33 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 116282.00 |
| 312000000 | Reserves | B-3 | 73514223.00 |
| | Total Reserve & Surplus | | 123083191.33 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6311915.00 |
| | Total Grants, Contributions for Specific Purposes | | 6311915.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 25584000.00 |
| | Total Loans | | 25584000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 406923.00 |
| 350000000 | Other Liabilities | B-9 | 1508955.09 |
| | Total Current Liabilities and Provisions | | 1915878.09 |
| | TOTAL LIABILITIES | | 156894984.42 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 124596515.00 |
| 411000000 | Accumulated Depreciation | B-11 | -32265520.00 |
| 412000000 | Capital Work in Progress | B-11(a) | 593234.00 |
| | Total Fixed Assets | | 92924229.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 8180938.42 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 25584000.00 |
| 450000000 | Cash and Bank Balance | B-17 | 28837560.00 |
| 460000000 | Loans, Advances and Deposits | B-18 | 1368257.00 |
| | Total Current Assets, Loans and Advances | 0.0 | |
| | Total Current Assets, Loans and Advances | 63970755.42 | |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | 156894984.42 | |

| | Mundur Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
|---|---|---|---|
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8139349.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 268461.00 |
| 140000000 | Fee & User Charges | I-4(b) | 766725.00 |
| 150000000 | Sale & Hire Charges | I-5(b) | 223619.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 193211370.00 |
| 171000000 | Interest Earned | I-8 | 429649.00 |
| 180000000 | Other Income | I-9 | 68550.00 |
| | Total Income | | 203107723.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 15220452.00 |
| 220000000 | Administrative Expenses | I-11(b) | 1452761.00 |
| 230000000 | Operations & Maintenance | I-12(b) | 3593662.00 |
| 240000000 | Interest & Finance Charges | I-13 | 5584.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9556106.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 78858454.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2380740.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1218148.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 77891480.00 |
| 255000000 | Maintenance Projects | I-14(e) | 9230689.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 595895.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 7500.00 |
| 272000000 | Depreciation | I-17(a) | 6068922.00 |
| | Total Expenditure | | 206080393.00 |
| | Gross Surplus/ Deficit of income over Expenditure | | -2972670.00 |
| 280000000 | Prior Period Item | I-18 | 16225.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2988895.00 |
| 290000000 | Transfer to Reserve Funds | | I-18(a) |

| | Mundur Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
|---|---|---|---|
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 18402972.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1668380.00 |
| 140000000 | Fees & User Charges | RP-4 | 546596.00 |
| 150000000 | Sale & Hire Charges | RP-5 | 221119.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.0 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54511146.00 |
| 171000000 | Interest Earned | RP-9 | 429649.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12396847.00 |
| 350000000 | Other Liabilities | RP-36 | 436844.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 429110.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 68550.00 |
| 311000000 | Earmarked Funds | RP-29 | 4498.00 |
| 340000000 | Deposits Received | RP-34 | 191861.00 |
| 350000000 | Other Liabilities | RP-36 | 331155.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 21232836.00 |
| 460000000 | Loans, Advances and Deposits | RP-47 | 1352523.00 |
| | Grand total | | 112224086.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5244661.00 |
| 220000000 | Administrative Expenses | RP-12 | 1452761.00 |
| 230000000 | Operations & Maintenance | RP-13 | 3593662.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8559095.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 24088235.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3322251.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1178351.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 255980.00 |
| 255000000 | Maintenance Projects | RP-20 | 9230689.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 595895.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 7500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 651201.00 |
| 350000000 | Other Liabilities | RP-36 | 10031279.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 5584.00 |
| 311000000 | Earmarked Funds | RP-29 | 1000.00 |
| 340000000 | Deposits Received | RP-34 | 144414.00 |
| 350000000 | Other Liabilities | RP-36 | 3023732.00 |
| 410000000 | Fixed Assets | RP-38 | 2735734.00 |
| 412000000 | Capital work in Progress | RP-40 | 817573.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6764212.00 |
| 460000000 | Loans, Advances and Deposits | RP-47 | 1682717.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 28837560.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 112224086.00 |

ഡെപ്യൂട്ടി ഡയറക്ടർ